**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1073** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>ടൗൺഷിപ്പ് പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. കെ. എൻ. ബാലഗോപാൽ

ശ്രീ. കെ. വി. സുമേഷ്

ശ്രീ. എം. വിജിൻ

ശ്രീ. യു. ആർ. പ്രദീപ്

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. പി. അനിൽ കുമാർ

(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** വയനാട് ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ സമഗ്രമായ പുനരധിവാസത്തിനായി സർക്കാർ വിഭാവനം ചെയ്ത മാതൃകാ ടൗൺഷിപ്പ് പദ്ധതിയുടെ പ്രധാന സവിശേഷതകളും ഈ പദ്ധതി ലോകോത്തര നിലവാരത്തിൽ വേഗത്തിൽ പൂർത്തിയാക്കാൻ സ്വീകരിച്ച ഭരണപരമായ നടപടികളും വിശദമാക്കാമോ;

**<u>മറുപടി:</u>** നഷ്ടപ്പെട്ടതിനേക്കാൾ "ബിൽഡ് ബാക്ക് ബെറ്റർ" എന്ന ദുരന്തനിവാരണത്തിന്റെ അടിസ്ഥാന തത്വം അക്ഷരാർത്ഥത്തിൽ തന്നെ പാലിക്കപ്പെടുന്ന രീതിയിലാണ് ടൗൺഷിപ്പ് വിഭാവനം ചെയ്തിരിക്കുന്നത്. ഇവിടെ 410 വീടുകളോടൊപ്പം തന്നെ പൊതു സൗകര്യങ്ങളായ കമ്മ്യൂണിറ്റി ഹാൾ, ഡിസാസ്റ്റർ ഷെൽറ്റർ, ഫുട്ബോൾ ഗ്രൗണ്ട്, ഡിസാസ്റ്റർ മെമ്മോറിയൽ, കടമുറികൾ, മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി, തടയണയും ജലാശയവും പത്ത് സീവേജ് ട്രീറ്റ്മെൻ്റ് പ്ലാൻ്റുകൾ, ഭൂഗർഭ വൈദ്യുത വിതരണ ശൃംഖല, വെള്ളം ഒഴുകുന്നതിന് ഡ്രെയിനേജ് സംവിധാനം, 9.5 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള വാട്ടർ ടാങ്ക്, ഒരോ വീട്ടിലും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനായി 2 കെ വി കപ്പാസിറ്റിയുള്ള സോളാർ പവർപ്ലാന്റ് എന്നിവ ഉൾപ്പെടുന്ന സമഗ്രമായ ഒരു ടൗൺഷിപ്പാണ് വിഭാവനം ചെയ്യുന്നത്.

**(ബി)** ദുരന്തബാധിതരുടെ വ്യക്തിപരമായ താൽപ്പര്യങ്ങൾ കൂടി പരിഗണിച്ച് നിർമ്മിക്കുന്ന ടൗൺഷിപ്പിന് പുറത്ത് മാറിതാമസിക്കാൻ ആഗ്രഹിക്കുന്ന കുടുംബങ്ങൾക്ക് സർക്കാർ എത്ര രൂപ പ്രത്യേക സാമ്പത്തിക പാക്കേജ് ആയി പ്രഖ്യാപിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ ;

**<u>മറുപടി:</u>**

- വയനാട് ജില്ലയിലെ മുണ്ടക്കൈ-ചൂരൽമല പുനരധിവാസവുമായി ബന്ധപ്പെട്ട് സർക്കാർ നിർമ്മിക്കുന്ന ടൗൺഷിപ്പിന് പുറത്ത് താമസിക്കുവാൻ ആഗ്രഹിക്കുന്ന ഉരുൾപൊട്ടൽ ബാധിത കുടുംബങ്ങൾക്കും, വിലങ്ങാടിലെ പുനരധിവസിപ്പിക്കേണ്ട ദുരന്തബാധിത കുടുംബങ്ങൾക്കുമായി (ഓപ്ഷൻ 2 സ്വീകരിച്ചവർ) **15 ലക്ഷം രൂപ വീതമാണ്** പ്രത്യേക ധനസഹായമായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. ടൗൺഷിപ്പിന് പുറത്ത് താമസിക്കാൻ സമ്മതം അറിയിച്ചിട്ടുള്ള മുണ്ടക്കൈ-ചൂരൽമല ദുരന്തബാധിതരായ 107 ഗുണഭോക്താക്കൾക്ക് 15 ലക്ഷം രൂപ വീതം നൽകുന്നതിനായി

ആകെ **16,05,00,000/- രൂപ (പതിനാറ് കോടി അഞ്ച് ലക്ഷം രൂപ)** അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത തുകയിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള വിഹിതവും (2,14,00,000/- രൂപ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള വിഹിതവും ഉൾപ്പെടുന്നു.

- ടൗൺഷിപ്പിന് പുറത്ത് മാറിതാമസിക്കാൻ താല്പര്യം പ്രകടിപ്പിച്ച പുഞ്ചിരിമറ്റം, എറാട്ടുകുണ്ടു, പുതിയ വില്ലേജ് റോഡ് ഉന്നതികളിലെ 13 കുടുംബങ്ങൾക്ക് ഭൂമി അനുവദിക്കുകയും വയനാട് ടൗൺഷിപ്പിന്റെ മാതൃകയിൽ അവരുടെ വ്യക്തിപരമായ താൽപ്പര്യങ്ങൾ കൂടി പരിഗണിച്ച് വീടുകൾ നിർമ്മിച്ചു നല്കാൻ തീരുമാനിക്കുകയും ചെയ്തു.

**(സി)** നിലവിലെ എസ്.ഡി.ആർ.എഫ് മാനദണ്ഡങ്ങളിലെ കർശന വ്യവസ്ഥകൾ മൂലം കേന്ദ്രത്തിൽ നിന്ന് കൂടുതൽ സഹായം ലഭിക്കാതിരുന്ന സാഹചര്യത്തിൽ നിയമപരമായ ഇടപെടലിലൂടെ ദുരന്തബാധിതർക്ക് അടിയന്തര സഹായം ലഭ്യമാക്കാൻ സർക്കാർ നടത്തിയ വിജയകരമായ ശ്രമങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** വയനാട് ദുരന്തവുമായി ബന്ധപ്പെട്ട റിട്ട് പെറ്റീഷൻ നം. 28509/2024 മേലുള്ള 18/12/2024 ലെ ബഹു.ഹൈക്കോടതിയുടെ വിധിന്യായ പ്രകാരം വയനാട് ഉരുൾപ്പൊട്ടലിൽ ദുരന്ത ബാധിതരായവരുടെ പുനരധിവാസ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഉടനടി ചെയ്യേണ്ട പ്രവർത്തനങ്ങൾക്ക് 120 കോടി രൂപ സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തി വിനിയോഗിക്കുന്നതിന് ബഹു.ഹൈക്കോടതി അനുമതി നല്കിയിട്ടുണ്ട്.

വയനാട് ജില്ലയിലെ മേപ്പാടി, മുണ്ടക്കൈ, ചൂരൽമല ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ വായ്പ കുടിശ്ശികകൾ എഴുതിത്തള്ളുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാർ 2024 ഓഗസ്റ്റ് മുതൽ കേന്ദ്ര സർക്കാരിനോട് നിരന്തരം ആവശ്യപ്പെട്ടിരുന്നതാണ്. എന്നാൽ, ബഹു. ഹൈക്കോടതിയുടെ ശക്തമായ ഇടപെടൽ ഉണ്ടായിട്ടും കേന്ദ്ര സർക്കാർ ഈ ആവശ്യം അംഗീകരിക്കാൻ തയ്യാറായില്ല. മാത്രമല്ല, ദുരന്തബാധിതരുടെ വായ്പ എഴുതിത്തള്ളാൻ സഹായകരമായിരുന്ന ദുരന്ത നിവാരണ ആക്ട് 2005-ലെ സെക്ഷൻ 13 (Section 13) വ്യവസ്ഥ കേന്ദ്ര സർക്കാർ റദ്ദാക്കുകയും, അത് പുനഃസ്ഥാപിക്കണമെന്ന സംസ്ഥാനത്തിന്റെ അഭ്യർത്ഥന നിരസിക്കുകയും ചെയ്തു.

കേന്ദ്ര മാനദണ്ഡങ്ങളുടെ ഈ കർശന വ്യവസ്ഥകളും അനുകൂലമല്ലാത്ത നിലപാടും കാരണം ദുരന്തബാധിതർക്കുള്ള സഹായം വൈകിക്കുന്നത് അനീതിയാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാന സർക്കാർ നിയമപരവും ഭരണപരവുമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**(ഡി)** പദ്ധതി നടത്തിപ്പിലെ സുതാര്യതയും ഗുണമേൻമയും ഉറപ്പുവരുത്തുന്നതിനായി പ്രതിപക്ഷത്തെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് രൂപീകരിച്ച വിവിധ മേൽനോട്ട സമിതികളെക്കുറിച്ച് വിശദമാക്കാമോ?

**<u>മറുപടി:</u>** വയനാട് ടൗൺഷിപ്പ് നിർമ്മാണ പദ്ധതി നടത്തിപ്പിൽ പൂർണ്ണമായ സുതാര്യതയും ഗുണമേന്മയും ഉറപ്പുവരുത്തുന്നതിനായി സർക്കാർ വിപുലമായ സമിതികൾ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ഇതിൽ ഭരണ-പ്രതിപക്ഷത്തെ ഉൾപ്പെടുത്തിക്കൊണ്ട് **"സ്പോൺസർഷിപ്പ് ഉപദേശക സമിതി" (Sponsorship Advisory Committee)** രൂപീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**